38 (663) റിസർവ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിലെ ജില്ലാ സായുധ റിസർവ് വിഭാഗത്തിലെ റിസർവ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്; അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) റിസർവ് ഇൻസ്പെക്ടർമാരുടെ പ്രൊമോഷനുവേണ്ടിയുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) അവസാനമായി കൂടിയത് എന്നാണ്; ഈ ഡി.പി.സി. തയ്യാറാക്കിയ സെലക്ട് ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ജില്ലാ സായുധ റിസർവ്വിലെ റിസർവ് ഇൻസ്പെക്ടർമാരുടെ പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 22.11.88-ൽ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം ഒന്ന്† ആയി ചേർത്തിട്ടുണ്ട്.

(ബി) 21.2.92-ൽ സെലക്ട് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം† രണ്ട് ആയി ചേർത്തിട്ടുണ്ട്.

(സി) നടപടി ത്വരിതപ്പെടുത്തുന്നതാണ്.

39 (664) സബ് ഇൻസ്പെക്ടർ നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ പി.എസ്.സി. വഴി സബ് ഇൻസ്പെക്ടർ ആയി നേരിട്ട് നിയമനം ലഭിച്ച ശ്രീ. കെ.കെ. ലക്ഷ്മണൻ എന്നയാളുടെ പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിച്ച് ഇൻക്രിമെന്റും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ജില്ലാ സായുധ റിസർവ്വ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ മൂന്ന് വിഭാഗങ്ങളിലെ എത്ര ഓഫീസർമാർ ഈ ആവശ്യം ഉന്നയിച്ച് ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിട്ടുണ്ടെന്ന് പേരും റാങ്കും സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഏഴ് ഓഫീസർമാർ ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്.

	ഒ.പി. നമ്പർ	പേര്	റാങ്ക്
1.	12539/96		
	18617/97	എൻ.വി. ജോർജ്ജ് ..	ഡിവൈ.എസ്.പി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly